# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3462. 11-12-2018 ൽ മറുപടിയ്ക്ക്

## ഒരു നെല്ലും ഒരു മീനും കൃഷി

**ചോദ്യം**

ശ്രീ.റോജി എം. ജോൺ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഒരു നെല്ലും ഒരു മീനും കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | 'ഒരു നെല്ലും ഒരു മീനും' പദ്ധതി ഫിഷറീസ് വകുപ്പ് ADAK വഴി നടപ്പാക്കുന്ന പദ്ധതിയാണ്. 2002 മുതൽ ADAK കുട്ടനാട്, കൈപ്പാട്, പൊക്കാളി പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നു. കുറഞ്ഞത് 5 പേരടങ്ങുന്ന, 5 ഹെക്ടർ സ്ഥലം കൃഷി ചെയ്യാൻ കഴിയുന്ന, ഗ്രൂപ്പുകൾക്ക് ഇതിലേക്ക് അപേക്ഷിക്കാം. ഒരു സീസൺ നെല്ലും അടുത്ത സീസൺ മീനും എന്നതാണ് കൃഷിയുടെ ക്രമം. നെൽകൃഷി തൃപ്തികരമായി ചെയ്യുന്നവർക്കാണ് മീൻ കൃഷിക്ക് ധനസഹായം നൽകുക. നെൽകൃഷി തൃപ്തികരമായി നടപ്പാക്കി എന്ന ഒരു സാക്ഷ്യപത്രം നൽകുന്ന ചുമതല മാത്രമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്. |
| (ബി) | ഏതെല്ലാം കൃഷി നിലങ്ങളിലാണ് ഇത് നടപ്പാക്കുന്നത്; | (ബി) | തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലും, ആലപ്പുഴ, കോട്ടയം ജില്ലകളിലെ കുട്ടനാടൻ നിലങ്ങളിലും, കൊല്ലം ജില്ലയിലെ പോളച്ചിറയിലും ഇതു നടപ്പിലാക്കി വരുന്നു. |
| (സി) | എത്ര ഹെക്ടറിലാണ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്; | (സി) | 6500 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്. നടപ്പുവർഷം 3086 ഹെക്ടറിൽ നടപ്പിലാക്കി കഴിഞ്ഞു. |
| (ഡി) | പ്രസ്തുത കൃഷി നടപ്പാക്കാൻ വകയിരുത്തിയ തുക വ്യക്തമാക്കുമോ? | (ഡി) | കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റിലാണ് പ്രസ്തുത പദ്ധതിക്ക് തുക വകയിരുത്തുന്നത്. |

സെക്ഷൻ ഓഫീസർ